മുദ്രകൾ

## ഹെലൻ തോമസ്

# ജൂതലോബിയെ അരിശം കൊള്ളിച്ച പത്രപ്രവർത്തക


ഹെലൻ തോമസ്

**അമേരിക്കയിലെ** തലമുതിർന്ന പത്രപ്രവർത്തകയാണ് ഹെലൻ തോമസ്. തൊണ്ണൂറ് വയസ്സെങ്കിലുമായി. വൈറ്റ് ഹൗസ് റിപ്പോർട്ടറായും ബ്യൂറോ ചീഫായും അവർ 57 വർഷം ജോലി ചെയ്തു. ഐസനോവർ മുതൽ ഒബാമ വരെയുള്ള അമേരിക്കൻ പ്രസിഡന്റുമാരുമായി അടുത്ത ബന്ധം. വൈറ്റ് ഹൗസ് കറസ്പോണ്ടന്റ്സ് അസോസിയേഷന്റെ മുൻ പ്രസിഡന്റുമാണ്. അഞ്ച് പുസ്തകങ്ങൾ എഴുതി. ക്രെയ്ഗ് ക്രോഫോർഡുമായി ചേർന്നെഴുതിയ Listen up, Mr. President എന്ന പുസ്തകം നന്നായി ശ്രദ്ധിക്കപ്പെട്ടു. ജീവിത സായാഹ്നത്തിൽ ചെല്ലുന്നിടത്തൊക്കെ ആദരവും സ്നേഹപ്രകടനങ്ങളും.

ജീവിതത്തിൽ നേടിയതെല്ലാം ഒറ്റയടിക്ക് തകർന്നു വീഴുകയായിരുന്നു 2010 മെയ് 27-ന്. അന്ന് ഡേവിഡ് നെസ്നോഫ് എന്നൊരാൾ ഹെലനെ ഇന്റർവ്യൂ ചെയ്യാൻ വന്നിരുന്നു. പലതും ചോദിച്ച കൂട്ടത്തിൽ ഇയാൾ ഇസ്രയേലിനെക്കുറിച്ച് ഹെലന്റെ അഭിപ്രായമെന്ത് എന്നു കൂടി ആരാഞ്ഞു. ഹെലന്റെ മറുപടി: "ഫലസ്തീനിൽനിന്ന് ഇറങ്ങിപ്പോകാൻ ജൂതന്മാരോട് പറയൂ." "എങ്ങോട്ടേക്ക്?" ലേഖകൻ തിരിച്ചു ചോദിച്ചു. "പോളണ്ട്, ജർമനി, അമേരിക്ക... മറ്റുള്ളിടങ്ങളിലേക്കും. നൂറ്റാണ്ടുകളായി അവിടെ ജീവിച്ച ഒരു ജനവിഭാഗത്തെ എന്തിനാണ് തള്ളിപ്പുറത്താക്കുന്നത്?" ഈ കമന്റുകൾ യൂട്യൂബിലൂടെ കാട്ടുതീ കണക്കെ പടർന്നു. കടന്നൽകൂട്ടിൽ കല്ല് വീണ പോലെ ജൂതലോബി ഉറഞ്ഞുതുള്ളി. ലോക മാധ്യമങ്ങളിൽ അവർക്കുള്ള പിടിത്തം വ്യക്തമാക്കുന്നതായിരുന്നു പിന്നീടുള്ള സംഭവങ്ങൾ. Hearst എന്ന പത്രത്തിൽ ഹെലൻ ഒരു കോളം ചെയ്തിരുന്നു. ഇനി കോളം ചെയ്യേണ്ടെന്ന് പത്ര ഉടമ വിളിച്ചു പറഞ്ഞു. അവരുമായി ചേർന്ന് പുസ്തകമെഴുതിയ ക്രെയ്ഗ് ക്രോഫോർഡ് ഇനി താൻ ഹെലനുമായി യാതൊരു സഹകരണത്തിനുമില്ലെന്ന് ആണയിട്ടു പറഞ്ഞു. അമേരിക്കൻ പ്രസിഡന്റ് ഒബാമ വരെ അവരെ കടുത്ത ഭാഷയിൽ ശാസിച്ചു. ഹെലന്റെ പേരിൽ യുവ പത്രപ്രവർത്തകർക്ക് അവാർഡ് ഏർപ്പെടുത്തിയിരുന്നവർ അവാർഡിന്റെ പേര് മാറ്റാനുള്ള ആലോചനയിലാണ്. വൈറ്റ് ഹൗസ് റിപ്പോർട്ടർമാരുടെ ലിസ്റ്റിൽ പേര് നിലനിർത്തിയിരുന്ന ഹെലന് ഗത്യന്തരമില്ലാതെ റിട്ടയർ ചെയ്യേണ്ടതായും വന്നു.

ജൂത ലോബിയുടെ ഗുഡ് സർട്ടിഫിക്കറ്റ് നേടുന്നതിന് വേണ്ടി ഹെലനെതിരെ പ്രസ്താവനയിറക്കുന്നതിൽ എഴുത്തുകാരും പത്രപ്രവർത്തകരും മത്സരിക്കുകയായിരുന്നു. മാപ്പ് പറഞ്ഞിട്ടും പത്രപ്രവർത്തന ജീവിതം പൂർണമായി ഉപേക്ഷിച്ചിട്ടും ഈ വന്ദ്യ വയോധികയെ ഇവർ വെറുതെ വിടുന്ന ലക്ഷണമില്ല. മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ, മുൻ അമേരിക്കൻ പ്രസിഡന്റുമാരായ ഹാരി ട്രൂമാൻ, ബെൻഞ്ചമിൻ ഫ്രാങ്ക്ളിൻ തുടങ്ങിയവർ ജൂതലോബിയോട് കടുത്ത അമർഷമുള്ളവരായിരുന്നുവെന്നും ഈ ലോബിയുടെ സ്വാധീനത്തിന്റെ വ്യാപ്തി അറിയാവുന്നതുകൊണ്ട് മിണ്ടാതിരിക്കുകയായിരുന്നുവെന്നും പിന്നീട് വെളിപ്പെട്ടിട്ടുണ്ട്. അവർ പറയാൻ ഭയന്നത്, വരുംവരായ്മകൾ ആലോചിക്കാതെയാണെങ്കിലും ഹെലൻ വെട്ടിത്തുറന്ന് പറഞ്ഞു. നൊടിയിട കൊണ്ട് സകല അംഗീകാരങ്ങളും ഹെലനെ വിട്ടുപോയെങ്കിലും, ഒരുപക്ഷേ ചരിത്രത്തിൽ ഇവർ ഓർമിക്കപ്പെടുക ഈയൊരൊറ്റ പരാമർശത്തിന്റെ പേരിലാണെങ്കിലോ? ■

# ദാവൂദ് ഒഗ്‌ലുവിന്റെ 'ഫ്രീസോൺ'

**ഈയിടെ** 21 അറബ് രാഷ്ട്ര പ്രതിനിധികൾ തുർക്കിയിലെ ഇസ്തംബൂളിൽ ഒത്തുകൂടി. 'അറബ്-തുർക്കി സഹകരണ ക്ലബ്ബി'ന്റെ ആഭിമുഖ്യത്തിൽ. ഇതിന്റെ സൂത്രധാരൻ മറ്റാരുമല്ല, തുർക്കി വിദേശകാര്യ മന്ത്രി അഹ്മദ് ദാവൂദ് ഒഗ്‌ലു. തുർക്കി നയതന്ത്രത്തിന്റെ ഉപജ്ഞാതാവ് കൂടിയാണ് അദ്ദേഹം. വിസാ വിലക്കുകൾ ഇല്ലാത്ത ഒരു സ്വതന്ത്ര വ്യാപാര മേഖല വികസിപ്പിച്ചെടുക്കുകയാണ് ഈ യോഗം വിളിച്ചതിന്റെ ലക്ഷ്യം. സിറിയ, ലബ്നാൻ, ജോർദാൻ എന്നീ രാഷ്ട്രങ്ങളിലേക്കുള്ള പോക്കുവരവിന് വിസ വേണ്ട എന്ന തീരുമാനം ഈ രാഷ്ട്രങ്ങളും തുർക്കിയും നേരത്തേ അംഗീകരിച്ചിട്ടുണ്ട്. "തുർക്കിയിൽ നിന്ന് പുറപ്പെടുന്ന ഒരു വണ്ടി ചെക്പോസ്റ്റ് തടസ്സങ്ങളില്ലാതെ മൊറോക്കോയിലെത്തുന്ന ഒരു ലോകത്തെ"യാണ് താൻ സ്വപ്നം കാണുന്നതെന്ന് ഒഗ്‌ലു പറയുകയുണ്ടായി.




ഇങ്ങനെ അറബി-തുർക്കി സ്വതന്ത്ര വ്യാപാര മേഖല വികസിച്ചുവരികയാണെങ്കിൽ അത് ഇരുവരുടെയും കഴിവുകളും വിഭവശേഷിയും നന്നായി പ്രയോജനപ്പെടുത്തുന്നതിന് ഉപകരിക്കും. തുർക്കി ധനകാര്യമന്ത്രി മുഹമ്മദ് ശീംശക് പറഞ്ഞത്, ശുഭസൂചനകൾ വേണ്ടുവോളം കണ്ടുതുടങ്ങി എന്നാണ്. 2002-നെ അപേക്ഷിച്ച്, 2009-ൽ തുർക്കി-അറബി വ്യാപാരം നാല് മടങ്ങാണ് വർധിച്ചത്. ■

# ആഫ്രിക്കയിൽ 'നല്ല ഭരണാധികാരി' ഇല്ലെന്ന്

**ആഫ്രിക്കയിലെ** ഏറ്റവും 'നല്ല ഭരണാധികാരി'യെ ഈ വർഷവും തെരഞ്ഞെടുത്തില്ല. അതിനു യോഗ്യനായ ഒരാൾ പോലും ഇല്ലാത്തതാണത്രെ കാരണം! ആഫ്രിക്കയിലെ മികച്ച ഭരണാധികാരിക്ക് നൽകുന്ന അവാർഡ് തുടർച്ചയായി രണ്ടാം തവണയാണ് യോഗ്യനായ ആളില്ലാത്തതു കാരണം വേണ്ടെന്ന് വെക്കേണ്ടിവന്നത്.

മുൻ യു.എൻ ജനറൽ സെക്രട്ടറി കോഫി അന്നാന്റെ നേതൃത്വത്തിലുള്ള ഏഴംഗ സമിതിയാണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുക്കുക. "അവാർഡിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ വളരെ ഉയർന്നതാണ്. ഓരോ വർഷവും സാധ്യതാ പട്ടികയിൽ വരുന്നവർ വളരെ കുറവും. അവാർഡ് വേണ്ടെന്ന് വെക്കേണ്ടിവരുന്നത് അതുകൊണ്ടാണ്." അവാർഡിന്റെ സ്ഥാപകനായ മുഹമ്മദ് മൂ ഇബ്റാഹീം പറഞ്ഞു. ഈ മൂ ഇബ്റാഹീം എന്നയാൾ സുഡാനി വംശജനായ ബ്രിട്ടനിലെ വ്യാപാരിയാണ്. ടെലികോം മേഖലയിലാണ് ബിസിനസ്. 2007-ലാണ് അവാർഡ് ഏർപ്പെടുത്തിയത്. 2009-ൽ 'ബ്രിട്ടനിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന കറുത്ത വർഗക്കാരനായ ബിസിനസ്സുകാരൻ' ആയി തെരഞ്ഞെടുക്കപ്പെട്ടിരുന്നു മൂ ഇബ്റാഹീം. ■

# തുറാബിയെ മോചിപ്പിച്ചു



**സുഡാനിലെ** മുഖ്യപ്രതിപക്ഷ നേതാക്കളിലൊരാളായ ഹസൻ തുറാബിയെ ഭരണകൂടം മോചിപ്പിച്ചു. ഒന്നര മാസമായി അദ്ദേഹം തലസ്ഥാനമായ ഖാർത്തൂമിൽ തടവിൽ കഴിയുകയായിരുന്നു. അദ്ദേഹത്തിന്റെ പാർട്ടിയായ പോപുലർ കോൺഫ്രൻസ് (അൽ മുഅ്തമറു ശ്ശഅ്ബി) നടത്തിവരുന്ന 'റഅ്യുശ്ശഅ്ബ്' എന്ന പത്രം കണ്ടുകെട്ടുകയും ചെയ്തിരുന്നു.

ഉമറുൽ ബശീർ നേതൃത്വം നൽകുന്ന സുഡാനി സർക്കാറിന്റെ കടുത്ത വിമർശകനാണ് ഹസൻ തുറാബി. തുടക്കത്തിൽ ഇവർ രണ്ട് പേരുമാണ് സുഡാനിൽ ഭരണമാറ്റത്തിന് തുടക്കം കുറിച്ചത്. അന്ന് ഉമറുൽ ബശീറിന്റെ രാഷ്ട്രീയ ഗുരുവായിരുന്നു തുറാബി. പിന്നീടവർ വേർപിരിഞ്ഞു. സുഡാന്റെ ഐക്യത്തിനും അഖണ്ഡതക്കും ഉമറുൽ ബശീർ ഭീഷണിയാണെന്നാണ് തുറാബിയുടെ വാദം. അദ്ദേഹത്തെ പുറത്താക്കാൻ വിഘടനശക്തികളുമായി വരെ തുറാബി കൂട്ടുകൂടുന്നുണ്ടെന്ന ആരോപണമുണ്ട്. ഇതെല്ലാം കാരണമായി ഇടക്കിടെ തുറാബി ജയിലിൽ അടക്കപ്പെടാറുണ്ട്. ■

**മരണം**

# ആദിലുൽ ഖസ്സ്വാർ



**കുവൈത്തിലെ** പ്രമുഖ കോളമിസ്റ്റായിരുന്നു 2010 ജൂൺ 14-ന് അന്തരിച്ച ആദിലുൽ ഖസ്സ്വാർ(55). *ഖബസ്* എന്ന അറബി പത്രത്തിൽ 'നിലപാടുകൾ' എന്ന കോളമാണ് അദ്ദേഹം ചെയ്തുവന്നിരുന്നത്. അമേരിക്കയിൽനിന്ന് എം.ബി.എ ബിരുദം എടുത്ത ആദിൽ ദീർഘകാലം വാർത്താവിനിമയ മന്ത്രാലയത്തിൽ ഉദ്യോഗസ്ഥനായിരുന്നു. ഇസ്‌ലാമിസ്റ്റ് ആഭിമുഖ്യമുള്ളതിനാൽ അദ്ദേഹത്തിന് അർഹമായ പല പദവികളും ലഭിക്കാതെ പോയി. നിരവധി ഇസ്‌ലാമിക വ്യക്തിത്വങ്ങളുമായി അദ്ദേഹം അഭിമുഖങ്ങൾ നടത്തിയിട്ടുണ്ട്. ■